എ.ആർ.ഡബ്ല്യു.എസ്.എസ്., ഡി.ആർ.ഡബ്ല്യു. എന്നിവയിലുൾപ്പെടുത്തി അനുവദിക്കുന്ന തുക ത്രിതല പഞ്ചായത്ത്/മറ്റ് സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗപ്പെടുത്തി ഭൂജല വകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 2012-13-ൽ 10 കോടിരൂപയും 2013-14-ൽ 4 കോടിരൂപയും 2014-15-ൽ 8.45 കോടിരൂപയും ഭൂജല വകുപ്പിന് ലഭ്യമാക്കിയിരുന്നു. ഇതിൽ 9.94, 3.96, 8.44 കോടിരൂപ യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 2 കോടിരൂപ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷങ്ങളിലെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വരൾച്ച-നിവാരണ പ്രവൃത്തികൾക്കുള്ള തുക

183 (2463) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-2016 കാലയളവുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ വരൾച്ചാ-നിവാരണ പ്രവൃത്തികൾക്കുള്ള തുക ഇനിയും അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഈ വർഷത്തെ വരൾച്ചാ നിവാരണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കരാറുകാർ തയ്യാറാവാത്ത സാഹചര്യത്തിൽ, കുടിശ്ശിക തുക അനുവദിച്ചു നൽകുന്നതിനും, വരൾച്ചാ നിവാരണ പണികളും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2013-16 കാലയളവുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ 2013-ലും 2014-ലുമാണ് നടപ്പാക്കിയത്.

ടി പദ്ധതികൾക്കായി 88.00 കോടിരൂപ അധികവ്യയ അനുമതി പദ്ധതി വിഹിതമായി നൽകിയിട്ടുണ്ട്.

(ബി) 2013-ലും 2014-ലും നടപ്പിലാക്കിയ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി അനുവദിച്ച 88.00 കോടിരൂപയിൽ 21-10-2015 വരെ ജല അതോറിറ്റി ഹെഡ് ഓഫീസിൽ ലഭിച്ച ബില്ലുകളുടെ തുകയായ 33.02 കോടിരൂപ അനുവദിക്കുകയും ആയത് കൊടുത്തു തീർക്കുകയും ചെയ്തു. ബാക്കിയുള്ള വർക്കുകളുടെ തുക, ബില്ലുകൾ തയ്യാറായി ഹെഡ്ഡോഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അധികവ്യയ അനുമതി ലഭിച്ച തുകയിൽ നിന്നും പിൻവലിച്ച് നൽകുന്നതാണ്. വരാനിരിക്കുന്ന വരൾച്ചാ നിവാരണ പണികളും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/236/2020-36

LIBRARY ARCHIVES Kerala Legislative Assembly